ഭരണഭാഷ മാതൃഭാഷ"

കുരുന്നുകൾക്ക് ചിറകേകി 45 നിറവിൽ

ICDS/A2-2250/2021

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി: 04.06.2021
ഇ-മെയിൽ: directorate.wcd@kerala.gov.in
ഫോൺ നം: 0471-2346534

വനിത ശിശു വികസന ഡയറക്ടർ

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും
എല്ലാ സൂപ്പർവൈസർമാർക്കും

സർ,

വിഷയം: വനിത ശിശു വികസന വകുപ്പ് – ഐസിഡിഎസ് – അനീമിയ പ്രതിരോധ പ്രവർത്തനങ്ങൾ – ക്യാമ്പയിൻ 12 – ജൂൺ മാസത്തെ പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ – സംബന്ധിച്ച്

സൂചന:

ഊർജ്ജിത വിളർച്ചാ നിയന്ത്രണ യജ്ഞം പരിപാടിയുമായി ബന്ധപ്പെട്ട് അനീമിയ ബോധവൽക്കരണങ്ങൾക്കായി വകുപ്പ് നടപ്പിലാക്കി വരുന്ന campaign – 12 ന്റെ ജൂൺ മാസത്തെ പരിപാടി കോളേജ് വിദ്യാർത്ഥികൾക്കിടയിലെ അനീമിയ ബോധവൽക്കരണത്തെ ലക്ഷ്യം വച്ചുകൊണ്ടുള്ളതാണ്. ഇതിലേയ്ക്കായി ജില്ലകൾ തോറും നടപ്പിലാക്കേണ്ട കാര്യപരിപാടികളുടെ മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

- ജൂൺ 12 ന് തുടങ്ങി 24 ന് അവസാനിക്കുന്ന തരത്തിൽ 12 ദിവസം നീണ്ടു നിൽക്കുന്ന കോളേജ് തല അനീമിയ ബോധവൽക്കരണ ഓൺലൈൻ ക്ലാസ്സുകൾ സംഘടിപ്പിക്കുവാനാണ് ഈ പരിപാടികൊണ്ട് ഉദ്ദേശിക്കുന്നത്. ബന്ധപ്പെട്ട കോളേജുകളിലെ NSS Unit കളുമായി സഹകരിച്ചുകൊണ്ടാണ് ഈ പരിപാടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.
- ഇതിലേയ്ക്കായി പ്രോജക്ട് തലത്തിൽ അവരുടെ പ്രദേശത്തുള്ള Degree/PG/Professional College list ചെയ്യുകയും ടി കോളേജുമായി ബന്ധപ്പെട്ട് അവിടെ പ്രവർത്തിക്കുന്ന NSS Unit ന്റെ വിവരം സി.ഡി.പി.ഒ മാർ ജൂൺ 8 നകം ശേഖരിക്കേണ്ടതും ടി വിവരങ്ങളുടെ

JF/21

സംക്ഷിപ്ത പട്ടിക പ്രോഗ്രാം ഓഫീസർക്ക് അന്ന് തന്നെ കൈമാറേണ്ടതുമാണ്.

- ഈ വിവരശേഖരണം നടത്തുമ്പോൾ തന്നെ ബന്ധപ്പെട്ട NSSപ്രോഗ്രാം കോർഡിനേറ്റർമാരോട് ടി വിവരശേഖരണം നടത്തുന്നതിന്റെ ഉദ്ദേശ ലക്ഷ്യവും campaign – 12 ന്റെ പൊതുവായ ലക്ഷ്യവും ബോധ്യപ്പെടുത്തേണ്ടതും ജൂൺ 12 ന് തുടങ്ങി 24 ന് അവസാനിക്കുന്ന 12 ദിവസത്തെ ബോധവൽക്കരണ ക്യാമ്പയിനിൽ അവരുടെ പങ്കാളിത്തം ഉറപ്പ് വരുത്താൻ ശ്രമിക്കേണ്ടതുമാണ്.
- ബന്ധപ്പെട്ട NSSപ്രോഗ്രാം കോർഡിനേറ്റർമാരോട് ടി പരിപാടി online platform ആയ zoom / google meet ലോ നടത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കേണ്ടതാണ്.
- ടി ക്ലാസ്സുകൾ ക്യാമ്പയിൻ നിശ്ചയിച്ചിട്ടുള്ള ദിവസം ഉച്ചയ്ക്ക് 12 മണിക്ക് തുടങ്ങി 1 മണിക്ക് അവസാനിക്കുന്ന ദൈർഘ്യമുള്ള തരത്തിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന കാര്യം കൂടി അറിയിക്കേണ്ടതാണ്.
- ജൂൺ 12 ന് തുടങ്ങി ജൂൺ 24 ന് അവസാനിക്കുന്ന 12 ദിവസത്തെ ടി പരിപാടി അതാത് പ്രോജക്ട് സംഘടിപ്പിക്കുന്നതിന് ദിവസം നിശ്ചയിക്കുന്നതിന് മുമ്പ് ബന്ധപ്പെട്ട NSS പ്രോഗ്രാം കോർഡിനേറ്റർമാരോട് കൂടി ആലോചിക്കുന്നത് മികച്ച പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിന് സഹായകരമായിരിക്കും.
- ഓരോ പ്രോജക്ട് പ്രദേശത്തെ college/professional college കളിൽ നിന്നും പരമാവധി 100 പേരെ പങ്കെടുപ്പിക്കാൻ ശ്രമിക്കേണ്ടതാണ് (പല ഐ.സി.ഡി.എസ് പ്രോജക്ടുകളിലും കോളേജുകൾ ഉണ്ടാകാൻ സാദ്ധ്യതയില്ലാത്തതിനാൽ ടി പ്രോജക്ടുകളിലെ സി.ഡി.പി.ഒ മാർ തൊട്ടടുത്ത പ്രോജക്ടിന്റെ കീഴിൽ നടക്കുന്ന ബോധവൽക്കരണ ക്ലാസ്സിന് സഹായകരമായ പിന്തുണയും സഹകരണവും വീഴ്ച കൂടാതെ നൽകേണ്ടതും പ്രസ്തുത ക്രമീകരണം പ്രോഗ്രാം ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതുമാണ്.
- ഒരു പ്രോജക്ട് ഏരിയയിൽ എത്ര കോളേജുകൾ ഉണ്ടെങ്കിലും അവയിൽ നിന്നെല്ലാം പ്രാതിനിധ്യം ഉറപ്പ് വരുത്തി (പരമാവധി 100 പേരെ) ഒരു ബോധവൽക്കരണ session – നിൽ സംപങ്കെടുപ്പിക്കുവാൻ പാടുള്ളൂ. ഇതിൽ പങ്കെടുക്കേണ്ട ആൾക്കാരെ NSS പ്രോഗ്രാം കോർഡിനേറ്റർമാർക്ക് നിശ്ചയിക്കാവുന്നതാണ്.
- online session നടത്തുന്ന RP മാർക്കുള്ള hand note, PPT (soft copy) ഡയറക്ടറേറ്റിൽ നിന്നും ലഭ്യമാക്കുന്നതാണ്. ഇവ അടിസ്ഥാനപ്പെടുത്തി വേണം പരിശീലനം സംഘടിപ്പിക്കേണ്ടത്.
- ഈ online campaign- ൽ പങ്കെടുക്കാൻ സാധിക്കാത്ത NSS Volunteers-മാർക്ക് അതാത് യൂണിറ്റിന്റെ കീഴിൽ വരുന്ന പരിശീലനം ലഭിച്ച വോളന്റിയർമാർ പരിശീലനം നൽകേണ്ടതാണ്.

- ഓരോ പ്രോജക്ടുകളിലും online session നു ക്ലാസ്സ് നയിക്കുന്നതിന് ബന്ധപ്പെട്ട CDPO/ICDS Supervisor/Block nutritionist/PHC -ഡോക്ടർമാർ/ AYUSH - ഡോക്ടർമാർ (സേവനം ലഭിക്കുകയാണെങ്കിൽ) എന്നിവർ RP-മാരായി സേവനം വിനിയോഗിക്കേണ്ടതാണ്. ആവശ്യമാണെങ്കിൽ RP-മാരായി തൊട്ടടുത്ത ICDS Project area ലെ ഉദ്യോഗസ്ഥരുടെ സേവനം തേടാവുന്നതാണ്.
- ക്ലാസ്സ് ആര് നയിക്കുന്നു എന്നതിനെക്കുറിച്ചുള്ള വിവരം ജില്ലാതല പ്രോഗ്രാം ഓഫീസർമാർക്ക് ജൂൺ 9 നകം സി.ഡി.പി.ഒ കൈമാറേണ്ടതാണ്. ഇവ ശേഖരിച്ച ശേഷം ജില്ലാ പ്രോഗ്രാം ഓഫീസർമാർ പ്രോജക്ട് തല പട്ടിക തയ്യാറാക്കേണ്ടതും പ്രോജക്ട് തല online schedule അടക്കം ജൂൺ 12 ന് മുമ്പ് അവ ഡയറക്ടറേറ്റിലേയ്ക്ക് കൈമാറേണ്ടതുമാണ്.
- Hand note, PPT -യിലോ ഉള്ള സംശയ നിവാരണത്തിന് ജില്ലാതലത്തിൽ പ്രോഗ്രാം ഓഫീസർമാർ സംവിധാനമൊരുക്കേണ്ടതും ആവശ്യമെങ്കിൽ ഡയറക്ടറേറ്റിൽ നിന്നും മാർഗ്ഗനിർദ്ദേശങ്ങൾ തേടാവുന്നതുമാണ്.
- പരിശീലന പരിപാടിക്കുള്ള Google/zoom link അതാത് ഐസിഡിഎസ് പ്രോജക്ടുകളിൽ തന്നെ തയ്യാറാക്കേണ്ടതും അവ പരിശീലനം നടക്കുന്നതിന് 2 ദിവസം മുമ്പ് ബന്ധപ്പെട്ട കോളേജുകളിലെ NSS പ്രോഗ്രാം കോർഡിനേറ്റർമാർ /അവർ നിർദ്ദേശിക്കുന്ന NSS Unit Secretary മാർ എന്നിവർക്ക് അയച്ചു നൽകേണ്ടതും അതിനോട് ചേർന്ന് നേരത്തെ നിശ്ചയിച്ചതു പോലെ അവരുടെ കോളേജുകളിൽ നിന്ന് പങ്കെടുക്കുന്നവരുടെ എണ്ണത്തിന്റെ സൂചനയും അത്രയും പേർക്ക് മാത്രമെ link share ചെയ്യാവൂ എന്ന നിർദേശവും നൽകേണ്ടതാണ്.
- എല്ലാ പരിശീലന പരിപാടികൾക്കും റിസോഴ്സ് പേഴ്സണെ കൂടാതെ ഒരു moderator (വകുപ്പിൽ നിന്നും) കൂടി ഉണ്ടായിരിക്കേണ്ടതാണ്. ടി moderator ആയിരിക്കണം R.P യെ പരിചയപ്പെടുത്തേണ്ടതും പരിശീലനത്തിനിടയിൽ സാങ്കേതിക തടസ്സമില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതും പരിശീലനത്തിന്റെ ദൈർഘ്യം നിയന്ത്രിക്കേണ്ടതും. session തുടങ്ങി പരമാവധി 5 min മാത്രമെ introduction ന് വേണ്ടി വിനിയോഗിക്കാവൂ. പരിശീലനത്തിന്റെ അവസാന 10 മിനിട്ട് ആവശ്യമെങ്കിൽ സംശയ നിവാരണത്തിനും തുടർന്ന് feedback നും വിനിയോഗിക്കേണ്ടതാണ്.
- പരിശീലന പരിപാടികൾക്കിടയിലെ സാങ്കേതിക പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനും R.P യ്ക്ക് സുഗമമായി പരിശീലനം നൽകുന്നതിനും പരിശീലനാർത്ഥികളോട് session തുടങ്ങി കഴിയുമ്പോൾ മൈക്ക് mute mode ലേയ്ക്ക് മാറ്റാൻ അഭ്യർത്ഥിക്കേണ്ടതാണ്.
- Moderator മാർ പരിശീലന പരിപാടി നടത്തുന്നതിന്റെ screen shot നിർബന്ധമായും

എടുത്തുവയ്ക്കേണ്ടതും അതിന്റെ പകർപ്പ് പ്രോഗ്രാം ഓഫീസർക്ക് share ചെയ്യേണ്ടതുമാണ്.

- പരിശീലന ദിവസം അതാത് പ്രദേശത്തെ R.P മാർ നല്ല Net connectivity യുള്ള പ്രദേശത്താണ് ഉള്ളതെന്ന് ഉറപ്പ് വരുത്തേണ്ടതും session കൾക്കിടയിൽ സാങ്കേതിക തടസ്സങ്ങളൊന്നും ഇല്ലായെന്ന് സി.ഡി.പി.ഒ മാർ ഉറപ്പ് വരുത്തേണ്ടതുമാണ്.
- പരിശീലന പരിപാടി അവസാനിച്ച ശേഷം അതേ ദിവസം തന്നെ ബന്ധപ്പെട്ട സി.ഡി.പി.ഒ മാർ അവർ സംഘടിപ്പിച്ച പരിശീലനത്തിൽ എത്ര കോളേജുകളും എത്ര പങ്കാളിത്തം (എണ്ണം) ഉണ്ടായിരുന്നു എന്നത് പ്രോഗ്രാം ഓഫീസർമാരെ അറിയിക്കേണ്ടതും പ്രോഗ്രാം ഓഫീസർമാർ ആ വിവരം ഡയറക്ടറേറ്റിലേയ്ക്ക് അറിയിക്കേണ്ടതുമാണ്.
- ടി ക്യാമ്പയിൻ അവസാനിച്ചതിനു ശേഷം (ജൂൺ 24) പ്രോഗ്രാം ഓഫീസർമാർ ജില്ലാ തല പരിശീലന പരിപാടിയുടെ റിപ്പോർട്ട് (എണ്ണം) ഡയറക്ടറേറ്റിലേയ്ക്ക് കൈമാറേണ്ടതാണ്. പ്രോഗ്രാം ഓഫീസർമാർ ടി ക്യാമ്പയിൻ സംബന്ധിച്ച് ഒരു പത്രക്കുറിപ്പ് തയ്യാറാക്കി ജില്ലാ ഇൻഫൊർമേഷൻ ഓഫീസർമാർ മുഖേന പത്രമാധ്യമങ്ങളിലൂടെയും കൂടാതെ ക്യാമ്പയിൻ സംബന്ധിച്ച് സമൂഹ മാധ്യമങ്ങളിലും പ്രചാരണം നടത്തേണ്ടതാണ്.
- പരിശീലനത്തിൽ പങ്കെടുത്തവർ ടി പരിശീലന പരിപാടിയുടെ അടിസ്ഥാനത്തിൽ അവരവരുടെ കോളേജുകളിൽ തുടർ പരിശീലനം സംഘടിപ്പിക്കാൻ നിർദ്ദേശം നൽകേണ്ടതും ടി വിവരങ്ങൾ കൂടി സി.ഡി.പി.ഒമാർ ശേഖരിച്ച് ജൂലൈ 12 ന് മുമ്പായി അവ ജില്ലാ പ്രോഗ്രാം ഓഫീസർ മുഖാന്തിരം ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്.
- പരിശീലനം അവസാനിക്കുന്ന മുറയ്ക്ക് അതിൽ പങ്കെടുത്തിട്ടുള്ള കോളേജുകളിലെ അംഗങ്ങളോട് ടി പരിശീലനത്തിന്റെ വിശദ വിവരങ്ങൾ ഇതിൽ പങ്കാളികളാകാൻ കഴിയാത്ത അവരുടെ വിദ്യാർത്ഥികൾ/സഹപാഠികളോട് പങ്കുവയ്ക്കാനും അനീമിയ പ്രതിരോധത്തെ ആസ്പദമാക്കി അവർക്ക് താൽപര്യമുണ്ടെങ്കിൽ 1.30 minute ൽ കവിയാത്ത short video കൾ/ poster/collage തയ്യാറാക്കാവുന്നതും അവ ബന്ധപ്പെട്ട സി.ഡി.പി.ഒ മാർ ശേഖരിക്കുന്നതിന് നിർദ്ദേശം നൽകാവുന്നതാണ്.
- ഇങ്ങിനെ ലഭിക്കുന്ന സൃഷ്ടികൾ സി.ഡി.പി.ഒ മാർ ജില്ലാ പ്രോഗ്രാം ഓഫീസർമാർക്ക് കൈമാറേണ്ടതും അവയിൽ മികച്ചത് എന്ന് വിലയിരുത്തുന്നവ ജില്ലാ പ്രോഗ്രാം ഓഫീസർ സംസ്ഥാന തലത്തിലേയ്ക്ക് കൈമാറേണ്ടതാണ്. ഇവ വിലയിരുത്തുന്നതിനായി entry കളുടെ വിഷയത്തിലെ വ്യക്തത (clarity) ആകർഷണീയത (attraction) അവതരണം (presentation) പുതുമ (innovation) സമയ ദൈർഘ്യം (duration) എന്നിവ പരിഗണിക്കാവുന്നതാണ്.
- ഇപ്രകാരം ലഭിക്കുന്ന video/audio/poster/selfie സന്ദേശങ്ങൾ വിലയിരുത്തി മികച്ച സൃഷ്ടികൾക്ക് വനിത ശിശുവികസന വകുപ്പിന്റെ website ലും സാമൂഹ്യ മാദ്ധ്യമ

അക്കൗണ്ടിലും കോളേജിന്റെ പേരും അവ തയ്യാറാക്കിയ വിദ്യാർത്ഥിയുടെ/വിദ്യാർത്ഥികളുടെ ഫോട്ടോ സഹിതം പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് കൂടാതെ മികച്ച സൃഷ്ടികൾക്ക് വകുപ്പ് അനുമോദന കുറിപ്പും നൽകുന്നതാണ്.

- ടി പരിശീലനവുമായി ബന്ധപ്പെട്ട audio/video/poster തുടങ്ങിയവ ജില്ലാ പ്രോഗ്രാം ഓഫീസർമാർക്ക് താഴെ കൊടുത്തിരിക്കുന്ന നമ്പറിലേയ്ക്ക് വാട്സ് ആപ്പ് സംവിധാനത്തിലൂടെ ജൂൺ 30 നകം അയയ്ക്കാവുന്നതാണ്. (വാട്സ് ആപ്പ് **നമ്പർ - 9400595507)**
- യൂണിവേഴ്സിറ്റി കാര്യാലയം സ്ഥിതിചെയ്യുന്ന ജില്ലകളിലെ പ്രോഗ്രാം ഓഫീസർമാർ അതാത് യൂണിവേഴ്സിറ്റിയിലെ NSS പ്രോഗ്രാം കോർഡിനേറ്ററുമായി ജൂൺ-7 ന് ബന്ധപെടുകയും Campaign-12 സംബന്ധിച്ചും പദ്ധതി കോളേജുകളിൽ നടത്തുന്നതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളെ കുറിച്ചും അറിവ് നൽകേണ്ടതും campaign-12 സംബന്ധിച്ച പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ ഉണ്ടെങ്കിൽ വിതരണം ചെയ്യേണ്ടതും പ്രാദേശികമായി കോളേജുകളിലെ NSS യൂണിറ്റുമായി ചേർന്നുള്ള campaign-12 പദ്ധതിയുടെ വിജയത്തിനായി പൂർണ്ണ സഹകരണം ഉറപ്പു വരുത്തേണ്ടതും അതാത് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കോളേജുകളിൽ ടി ക്യാമ്പയിൻ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സമയ ബന്ധിതമായി സ്വീകരിക്കുവാൻ പ്രോഗ്രാംഓഫീസർമാർ, ആവശ്യമായ നിർദേശം CDPO-മാർക്ക് നൽകേണ്ടതുമാണ്.
- ഓരോ പരിശീലന പരിപാടിയിലും പ്രോഗ്രാം ഓഫീസർമാരുടെയും CDPO മാരുടെയും സാന്നിധ്യം ഉറപ്പു വരുത്തേണ്ടതാണ്.

മേൽ പറഞ്ഞ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ജൂൺ മാസത്തെ campaign - 12 പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

2/6/21

**വനിത ശിശു വികസന ഡയറക്ടർ**

3/6/21

JF 21